കേരള സർക്കാർ

സംഗ്രഹം

**തദ്ദേശസ്വയംഭരണ വകുപ്പ് -സർക്കാർ പ്രൈമറി സ്കൂളുകൾക്ക് ഐ.ടി ഉപകരണങ്ങൾ വാങ്ങി നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ (സാധാ)നം: 679/2012/തസ്വഭവ തിരുവനന്തപുരം, തീയതി: 06/3/2012**

---

**പരാമർശം:- 1. പൊതുവിദ്യാഭ്യാസ (ഡി) വകുപ്പിന്റെ 8/2/12-ലെ 33227/ഡി3/11/പൊ.വി.വ നമ്പർ കുറിപ്പ്**

**2. 22/2/12-ാം തീയതിയിലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 2.13-ാം നമ്പർ തീരുമാനം**

**<u>ഉത്തരവ്</u>**

**സംസ്ഥാനത്തെ എൽ.പി, യു.പി സ്കൂളുകളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഐ.ടി ഉപകരണങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച വിശദമായ പ്രൊപ്പോസൽ പരാമർശം (1) പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്ന് ലഭ്യമാക്കിയിരുന്നു. അതനുസരിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ പുറത്തിറക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് യു.പി സ്കൂളുകൾക്ക് പരമാവധി 1.85 ലക്ഷം രൂപയിലും എൽ.പി സ്കൂളുകൾക്ക് 1.35 ലക്ഷം രൂപയിലും അധികമാകാത്ത തുകയ്ക്ക് ഐ.ടി ഉപകരണങ്ങൾ വാങ്ങി നൽകാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചിരുന്നു. ആയതിന് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ അംഗീകാരം പരാമർശം (2) പ്രകാരം ലഭിച്ചിട്ടുണ്ട്.**

**സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പൊതുവിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് സർക്കാർ അപ്പർ പ്രൈമറി സ്കൂളുകൾക്ക് പരമാവധി 1,85,000/- ( ഒരു ലക്ഷത്തി എൺപത്തയ്യായിരം) രൂപയിലും സർക്കാർ ലോവർ പ്രൈമറി സ്കൂളുകൾക്ക് 1,35,000/- (ഒരു ലക്ഷത്തി മുപ്പത്തയ്യായിരം) രൂപയിലും അധികമാകാത്ത തുകയ്ക്ക് ഐ.ടി ഉപകരണങ്ങൾ വാങ്ങി നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

**ഗവർണറുടെ ഉത്തരവിൻ പ്രകാരം**

**വി.ശോഭ**

**അഡീഷണൽ സെക്രട്ടറി**

**പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം**

**നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം**

**പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം**

**എല്ലാപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)**

എല്ലാ നഗരസഭാസെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ) തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, (LBA&A), തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
പൊതുവിദ്യാഭ്യാസ വകുപ്പ്
തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.